# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 22, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

മറുപടി നൽകുന്ന മന്ത്രിമാർ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

### എം. എസ്. ഡി. പി. പദ്ധതി

*271 ശ്രീ. കെ. എം. ഷാജി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുസ്ലീം ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ പിന്നോക്കാവസ്ഥ അവസാനിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുളള എം. എസ്. ഡി. പി. യുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെങ്കിലും പ്രായോഗിക വൈഷമ്യങ്ങൾ അനുഭവപ്പെടുന്നുണ്ടോ ; എങ്കിൽ അവയെന്താണെന്ന് വ്യക്തമാക്കുമോ ;

# കേരള നിയമസഭ

## 22.06.2012-ലെ മറുപടിക്ക്

(സി) പ്രസ്തുത പദ്ധതിക്കായി കേരളത്തിൽ നിന്ന് വയനാട് ജില്ല മാത്രമാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) പദ്ധതിയുടെ പ്രയോജനം അർഹരായ എല്ലാവർക്കും ലഭ്യമാകത്തക്ക വിധത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

ഏകീകൃത ബാലവികസന പദ്ധതി

*272 ശ്രീ. സി.മമ്മൂട്ടി
'' എം. ഉമ്മർ
'' കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഏകീകൃത ബാലവികസന പദ്ധതിയുടെ (ഐ.സി.ഡി.എസ്) നടത്തിപ്പിൽ സംസ്ഥാനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുറകിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഈ പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ലഭ്യമായ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് അംഗൻവാടികളുടെ നവീകരണത്തിന് വേണ്ടി അനുവദിച്ച തുക ചെലവഴിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ;

(ഡി) പദ്ധതി പ്രകാരമുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും, വിജയകരമാക്കാനും എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കു ന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

ഭൂവുടമകളുമായി കരാറുണ്ടാക്കി പഴം പച്ചക്കറി കൃഷി

*273 ശ്രീ. എ. എം. ആരിഫ്
,, സി. കൃഷ്ണൻ
,, രാജു എബ്രഹാം
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും,
**വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂവുടമകളുമായി കരാറുണ്ടാക്കി പഴവർഗ്ഗങ്ങളും പച്ചക്കറികളും കൃഷി ചെയ്യുന്നതിന് കൃഷിഭവനുകൾ വഴി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച സർക്കാർ പദ്ധതിയെ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) മുൻവർഷം ബജറ്റിലെ ഈ പ്രഖ്യാപനം വഴി എത്ര ടൺ പഴവർഗ്ഗങ്ങളും പച്ചക്കറികളും ഉൽപ്പാദിപ്പിക്കുകയുണ്ടായി; ഈ വർഷത്തെ ലക്ഷ്യം എത്രയാണ്;

(സി) ഭൂവുടമകളുമായി കൃഷിഭവനുകൾ എത്ര കരാറുകൾ ഉണ്ടാക്കിയെന്നും അതുവഴി എത്ര ഹെക്ടർ സ്ഥലങ്ങളിൽ ഉൽപാദനം നടന്നുവെന്നും ഇതിനായി മുൻവർഷം ഖജനാവിൽ നിന്നും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ;

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ കാലോചിതമായ മാറ്റം</u>

*274 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ,
,, പാലോട് രവി
,, എം.എ. വാഹീദ്
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ കാലോചിതമായ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

<u>സോയിൽ ഹെൽത്ത് കാർഡ്</u>

*275 ശ്രീ. ഇ. കെ. വിജയൻ
,, മുല്ലക്കര രത്നാകരൻ
,, ജി. എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതിനുളള നടപടികളായിട്ടുണ്ടോ; ഈ കാർഡ് കൊണ്ടുളള പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതുവരെ എത്ര സാമ്പിളുകൾ ശേഖരിച്ചു; ഇതിൽ എത്ര സാമ്പിളുകൾ ഇതിനകം വിശകലനം ചെയ്തു;

(സി) മണ്ണിന്റെ ഗുണനിലവാരം മനസ്സിലാക്കി ആവശ്യമായ ഘടകങ്ങൾ ചേർത്ത് കൃഷി ചെയ്ത് കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകരെ സഹായിക്കുന്ന എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

<u>നഗര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ</u>

*276 ശ്രീ. പി. ഉബൈദുള്ള
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) മാസ്റ്റർ പ്ലാനിന്റ ഉദ്ദേശ്യലക്ഷ്യങ്ങളും അവ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) എത്ര മാസ്റ്റർ പ്ലാൻ ഇപ്പോൾ തയ്യാറാക്കുന്നുണ്ടെന്നും ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും വിശദമാക്കുമോ;

(ഇ) മാസ്റ്റർ പ്ലാൻ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

<u>ശിശുക്ഷേമ സമിതി</u>

*277 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. എം. ഹംസ
,, വി. ശിവൻകുട്ടി
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ സ്തംഭനത്തിലാകാനിടയായ സാഹചര്യങ്ങൾ വിശദമാക്കാമോ ;

(ബി) നിലവിലുണ്ടായിരുന്ന സ്റ്റാൻഡിംഗ് കമ്മിറ്റിയെ നിയമവിരുദ്ധമായി പിരിച്ചുവിട്ട നടപടി തിരുത്തിയിട്ടുണ്ടോ ;

(സി) ശിശുക്ഷേമ സമിതിയുടെ കാര്യത്തിൽ കേരള ഹൈക്കോടതി സർക്കാരിന് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) ഏറ്റവും ഒടുവിൽ നടന്ന ജനറൽ ബോഡി യോഗതീരുമാനങ്ങൾ വിശദമാക്കാമോ ;

(ഇ) 14.05.2012-ലെ നടന്ന ജനറൽ ബോഡി യോഗം സംബന്ധിച്ച് കേരള ഹൈക്കോടതിക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ സെന്റർ</u>

*278 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഇൻസ്റ്റിറ്റ്യൂട്ടിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ, വിശദമാക്കുമോ;

(ഡി) നടപ്പ് അദ്ധ്യയന വർഷം തന്നെ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

വികലാംഗർക്ക് സൗജന്യ മോട്ടോർ വാഹനങ്ങൾ

*279 ശ്രീ. സി.കെ. സദാശിവൻ
,, എസ്. ശർമ്മ
,, പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാരീരിക വൈകല്യം സംഭവിച്ചിട്ടുള്ളവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് വഴി സൗജന്യമായി മോട്ടോർ വാഹനങ്ങൾ നൽകുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാ ക്രമം ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ എന്തു തുക നീക്കി വെച്ചിട്ടുണ്ട് ?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

<u>സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്കുള്ള ധനസഹായം</u>

*280 ശ്രീ. എം. എ. ബേബി
,, പി. റ്റി. എ. റഹീം
,, റ്റി. വി. രാജേഷ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിന് സന്നദ്ധ സംഘടനകൾ അപേക്ഷ നൽകേണ്ടത് ആർക്കാണ് ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട പ്രസ്തുത തുക വിവിധ സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ടോ ; എങ്കിൽ ഇത്തരത്തിൽ 2012- 13 കാലയളവിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) രാഷ്ട്രീയ നേതാക്കൾ നേതൃത്വം കൊടുക്കുന്ന ഏതെല്ലാം സംഘടനകൾക്ക് ഇക്കാലയളവിൽ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാന ഗ്രാമീണ ഉപജീവന മിഷൻ</u>

*281 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗ്രാമീണ ഉപജീവന മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) സംസ്ഥാനത്ത് ഏത് ഏജൻസിയാണ് ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകുന്നതിന് നിഷ്ക്കർഷിച്ചിട്ടുളള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത നിർദ്ധനരെ പ്രസ്തുത പദ്ധതിയിൽ പുതിയതായി ചേർക്കുന്നതിന് തടസ്സമുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

ഭൗമ വിവര ശേഖരണ സംവിധാനം

*282 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ശിവൻകുട്ടി
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടണങ്ങളുടെയും നഗരങ്ങളുടെയും വികസനത്തിന് ഭൗമ വിവര ശേഖരണ സംവിധാനം വികസിപ്പിക്കുന്നതിന് ദേശീയ നഗര വികസന സംവിധാന പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും 2011-12ൽ എന്തുതുക ലഭിച്ചു;

(ബി) സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങളിലും നഗരങ്ങളിലുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്;

(സി) പദ്ധതിയിൻപ്രകാരമുള്ള സ്ഥല വിവരങ്ങളുമായി ബന്ധപ്പെട്ട ജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഈ ജോലികൾ ആരെയാണ് ഏല്പിച്ചിരിക്കുന്നത്;

(ഡി) പദ്ധതി പ്രകാരമുള്ള സാമൂഹ്യ-സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ ഇപ്പോൾ ഏത് ഘട്ടം വരെയെത്തി; വ്യക്തമാക്കാമോ;

(ഇ) പദ്ധതി സംസ്ഥാനത്തെ മറ്റു പട്ടണങ്ങളിലും നഗരങ്ങളിലും കൂടി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

<u>മഹിളാ സംഘകൃഷി പദ്ധതി</u>

*283 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹിളാ സംഘകൃഷി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ആരാണ് ഏറ്റെടുത്ത് നടപ്പാക്കുന്നത്;

(സി) പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഭക്ഷ്യ സുരക്ഷയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

<u>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</u>

*284 ശ്രീ. ബാബു എം. പാലിശ്ശേരി
,, എ.പ്രദീപ്കുമാർ
,, കെ. സുരേഷ് കുറുപ്പ്
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവെച്ചിരുന്നത്; അതിൽ എത്ര തുക ചെലവഴിച്ചു;

(ബി) പദ്ധതി നടപ്പാക്കപ്പെട്ടത് സംസ്ഥാനത്തെ എത്ര നഗരങ്ങളിലാണ് എന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതി പ്രകാരം നഗര പ്രദേശങ്ങളിലെ കുടുംബങ്ങളിൽ പ്രായപൂർത്തിയായവർക്ക് കുറഞ്ഞത് ഒരു വർഷത്തിൽ 100 ദിവസമെങ്കിലും തൊഴിൽ ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ എന്ന് കാര്യം വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

<u>ജുവനൈൽ ജസ്റ്റീസ് നിയമം</u>

*285 ശ്രീ. പി. എ. മാധവൻ
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കായുള്ള അനാഥാലയങ്ങളെ ജുവനൈൽ ജസ്റ്റിസ് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്താൻ തയ്യാറാകുമോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം</u>

*286 ശ്രീ. പി.കെ. ബഷീർ
,, പി.ബി. അബ്ദുൾ റസാക്
,, പി. ഉബൈദുള്ള
,, റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണം, റീസൈക്ലിംഗ്, നിർമ്മാർജ്ജനം എന്നിവയ്ക്ക് സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ ഇപ്പോൾ നടപ്പാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം സംബന്ധിച്ച് മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും സ്വീകരിച്ചിട്ടുള്ള നയം വ്യക്തമാക്കുമോ;

(സി) നിരോധനം സംബന്ധിച്ച് ഇപ്പോൾ സ്വീകരിച്ചു വരുന്ന നടപടികൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ ഫലപ്രദമായ മറ്റു നടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചിക്കുമോ;

(ഡി) തങ്ങളുടെ പരിധിയിലെ തോടുകൾ, കുളങ്ങൾ, മറ്റ് ജലനിർഗ്ഗമന മാർഗ്ഗങ്ങൾ എന്നിവയിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ മാറ്റി ശുദ്ധീകരിക്കുന്ന കാര്യത്തിൽ മുനിസിപ്പാലിറ്റികൾക്കും നഗരസഭകൾക്കും എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

<u>ഉത്തേജന പലിശ ഇളവ് പദ്ധതി</u>

*287 ശ്രീ. ജി. സുധാകരൻ
,, എ. കെ. ബാലൻ
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും കാർഷിക വായ്പ എടുത്തവർക്ക് പലിശ സബ്സിഡി നൽകിയിട്ടുണ്ടോ ;

(ബി) മുൻവർഷം എത്ര പേർക്ക് പലിശ സബ്സിഡി ലഭ്യമാക്കുകയുണ്ടായി ; എന്തു തുക ഈ ഇനത്തിൽ സർക്കാർ ചെലവഴിച്ചു ; ബഡ്ജറ്റിൽ വകയിരുത്തിയ തുക ലാപ്സാവുക യുണ്ടായോ ;

(സി) തന്നാണ്ടിൽ പലിശ സബ്സിഡി നൽകുന്നതിന് എന്തു തുക വേണ്ടിവരുമെന്ന് കരുതുന്നു; ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട് ;

(ഡി) കാർഷിക പ്രതിസന്ധി മൂലം കടക്കെണിയിൽപ്പെട്ടവർക്ക് ഈ ആനുകൂല്യം ലഭിക്കുമോ ?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

കുടുംബശ്രീയുടെ സംഘകൃഷി

T *288 ശ്രീ. ബി. ഡി. ദേവസ്സി
,, പി. കെ. ഗുരുദാസൻ
,, കെ. കെ. ജയചന്ദ്രൻ
,, പി. റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11, 2011-12, വർഷങ്ങളിൽ സംസ്ഥാനത്ത് കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ നടപ്പാക്കിയ സംഘകൃഷിയുടെ വിജയകരമായ നടത്തിപ്പിനെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് തരിശുഭൂമി രഹിത പഞ്ചായത്തുകൾ സൃഷ്ടിക്കാൻ ഈ പദ്ധതിക്ക് കഴിയുമോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ നടപ്പു വർഷം ഇതിനായി എന്ത് തുക നീക്കി വെച്ചിട്ടുണ്ടെന്നും ഇതിനായി പഞ്ചായത്തുകളിൽ നിന്ന് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) സംഘകൃഷിയിൽ എതെങ്കിലും തരത്തിൽ നഷ്ടം വന്നിട്ടുള്ള സംഘങ്ങൾക്ക് മുൻകാലങ്ങളിൽ സഹായങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ തുടർന്നും സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 22.06.2012-ലെ മറുപടിക്ക്

<u>സാമ്പത്തിക പ്രതിസന്ധി നേരിടുന്ന മുനിസിപ്പാലിറ്റികൾ</u>

*289 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന മുനിസിപ്പാലിറ്റികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ എന്തെങ്കിലും സഹായ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണം</u>

*290 ശ്രീ. എം. എ. വാഹിദ്
,, കെ. മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ സ്വകാര്യ സ്ഥാപനങ്ങളിൽ ഉറവിടമാലിന്യ സംസ്ക്കരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) സ്വകാര്യ സ്ഥാപനങ്ങളുടെ നിർവ്വചനത്തിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഉൾപ്പെടുന്നത്;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ ഉറവിടമാലിന്യസംസ്ക്കരണത്തിന് സഹായങ്ങൾ നൽകുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

## കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

<u>ജനന-മരണ സർട്ടിഫിക്കറ്റുകൾ</u>

*291 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജനന-മരണ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) ജനന-മരണ രജിസ്ട്രേഷൻ നടത്തുന്ന ദിവസംതന്നെ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

<u>കെയര്‍ പദ്ധതി</u>

T*292 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, പാലോട് രവി
,, വി. ഡി. സതീശന്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'കെയര്‍' (CARE) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(ബി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികള്‍ ഇതിനകം സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

പി. പി. പി. വ്യവസ്ഥയിൽ സംരംഭങ്ങൾ

*293 ശ്രീ. കെ.വി. വിജയദാസ്
,, എളമരം കരീം
,, കെ. രാധാകൃഷ്ണൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് വ്യവസ്ഥയിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്ലാനിംഗ് ബോർഡ് ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏതെല്ലാം രംഗങ്ങളിൽ പി.പി.പി വ്യവസ്ഥയിൽ സംരംഭങ്ങൾ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച വ്യവസ്ഥകൾക്ക് അന്തിമ രൂപം നൽകി യിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഇത്തരം സംരംഭങ്ങൾക്ക് സർക്കാർ വക ഭൂമി നൽകാനു ദ്ദേശമുണ്ടോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.06.2012-ലെ മറുപടിക്ക്

<u>'കിസാൻ അഭിമാൻ' പദ്ധതി</u>

*294 ശ്രീ. പി. കെ. ഗുരുദാസൻ
,, വി. ചെന്താമരാക്ഷൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക്
'കിസാൻ അഭിമാൻ' പദ്ധതി പ്രകാരമുള്ള പെൻഷൻ ഇപ്പോഴും നൽകുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പെൻഷൻ അർഹരായ കർഷകർക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; പെൻഷനർഹതയുള്ളവരുടെ എണ്ണം ജില്ലതിരിച്ച് വിശദമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ പെൻഷൻ വിതരണത്തിൽ എത്ര മാസത്തെ കുടിശ്ശിക ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) കുടിശ്ശിക പൂർണമായും വിതരണം ചെയ്യാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) തന്നാണ്ടിൽ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

<u>പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ കാലതാമസം</u>

T *295 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ഡോ. ടി. എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പ്രഖ്യാപിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്; പ്രസ്തുത പദ്ധതിയ്ക്ക് അന്തിമരൂപം ആയിട്ടുണ്ടോ; കേന്ദ്ര പ്ലാനിംഗ് കമ്മീഷനുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) 2012-17 കാലഘട്ടത്തിൽ നടപ്പാക്കേണ്ട പദ്ധതിയുടെ ആദ്യ ആറുമാസങ്ങൾ പിന്നിട്ടിട്ടും പദ്ധതി പ്രഖ്യാപിക്കാൻ പോലും കഴിയാത്തത് എന്തെല്ലാം വീഴ്ചകൾ മൂലമാണ്;

(സി) പദ്ധതി ദേശീയ വികസന കൗൺസിലിന്റെ അനുമതിക്കായി സമർപ്പിച്ചുവോ; ഇല്ലെങ്കിൽ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ പരിഷ്ക്കരണം.

*296 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിക്കുന്ന സമിതിക്കു മുമ്പാകെ കേരളത്തിന്റെ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് പറയാമോ;

(ബി) ക്ഷീരകർഷകരെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ സമിതിയ്ക്കു മുമ്പാകെ ഉന്നയിച്ചിരുന്നുവോ; വ്യക്തമമാക്കുമോ ?

(സി) തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്ന ആളുകളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനും കൂടുതൽ ആളുകളെ പ്രസ്തുത മേഖലയിലേക്ക് ആകർഷിക്കുന്നതിനും ഉതകുന്ന പുതിയ പരിപാടികൾ ആവിഷ്ക്കരിക്കുമോ?

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

<u>ഹരിതഗ്രാമം ശുചിത്വ ഗ്രാമം പദ്ധതി</u>

*297 ശ്രീ. സി. പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹരിതഗ്രാമം ശുചിത്വഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്, വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകളിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

<u>കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണി</u>

*298 ശ്രീ. ബെന്നി ബെഹനാൻ
,, പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ ഏതെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്;

(ബി) സംസ്ഥാനത്തിനുപുറത്ത് ദേശീയവിപണന ശൃംഖല ഉണ്ടാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) ഇതിന് ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ സഹായം അഭ്യർത്ഥിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

<u>അനധികൃത കെട്ടിട നിർമ്മാണ നിയന്ത്രണത്തിന് വിജിലൻസ് സംവിധാനം</u>

*299 ശ്രീ. വർക്കല കഹാർ
,, എ.റ്റി.ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണം നിയന്ത്രിക്കുവാനും കെട്ടിടനിർമ്മാണ വേളയിലുണ്ടാകുന്ന അപകടങ്ങൾ ഇല്ലാതാക്കുവാനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ വിജിലൻസ് സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; എന്നറിയിക്കുമോ?

# കേരള നിയമസഭ
## 22.06.2012-ലെ മറുപടിക്ക്

വിഷൻ 2030 പദ്ധതി

T*300 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഷൻ 2030 എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് വിഷൻ ഡോക്യുമെന്റ് ഉണ്ടോ ;

(സി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത കാര്യങ്ങൾക്ക് ആരാണ് മേൽനോട്ടം വഹിക്കുന്നത് ;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂൺ 13.

പി. കെ. മുരളീധരൻ,
സെക്രട്ടറി - ഇൻ - ചാർജ്

“T” ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.